**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5332** **21-07-2022 - ൽ മറുപടിയ്ക്ക്**

**വയനാട് ജില്ലയിലെ സ്പെഷ്യൽ സ്കൂളുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിൽ നിലവിൽ എത്ര സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിച്ച് വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | വയനാട് ജില്ലയിൽ 11 സ്പെഷ്യൽ സ്കൂളുകൾ നിലവിലുണ്ട്. |
| (ബി) | ഇത്തരം സ്കൂളുകൾക്ക് സർക്കാർ നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന അൺ എയ്ഡഡ് മേഖലയിലെ സ്പെഷ്യൽ സ്കൂളുകൾ, ബഡ്സ് സ്കൂളുകൾ എന്നിവയ്ക്ക് സ്പെഷ്യൽ സ്കൂൾ പാക്കേജ് മുഖേന സാമ്പത്തിക സഹായം (2021-22 വർഷം അർഹരായ ജീവനക്കാർക്ക് 5 മാസത്തെ ഹോണറേറിയം, കണ്ടിജൻസി തുക 3 മാസം, കുട്ടികൾക്കായുള്ള 2 ജോഡി യൂണിഫോം അലവൻസ്), സംസ്ഥാന സർക്കാരിന്റെ ഉച്ചഭക്ഷണ പദ്ധതി, പ്രൈമറി തലത്തിലുള്ള കുട്ടികൾക്ക് എസ്.സി.ഇ.ആർ.ടി മുഖേന പാഠപുസ്തക വിതരണം എന്നീ സഹായങ്ങൾ നൽകി വരുന്നു. |
| (സി) | ഇത്തരം സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; | (സി) | RPWD Act 2016 Section 50-54, RPWD Kerala Rules 2020 Section 12-16-ൽ പ്രതിപാദിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് രജിസ്ട്രേഷൻ അനുവദിക്കുന്നത്. സ്പെഷ്യൽ സ്കൂളുകളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് മിനിമം സ്റ്റാൻഡേർഡ് ഓഫ് ഗൈഡ് ലൈൻസ് സാമൂഹ്യനീതി വകുപ്പ് മുഖേന തയ്യാറാക്കി വരുന്നുണ്ട്. ആയത് തയ്യാറാക്കുന്നതു വരെ, സ.ഉ.(കൈ)നം. 133/19/പൊ.വി.വ തീയതി 30.08.2019, സ.ഉ(സാധാ)നം.673/2020/സാ.നീ.വ, തീയതി 27/11/2020 എന്നീ ഉത്തരവുകളിൽ സൂചിപ്പിച്ചിരിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് രജിസ്ട്രേഷൻ അനുവദിക്കുന്നത്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | നിലവിൽ വയനാട് ജില്ലയിൽ ഇത്തരം സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകാനുള്ള | (ഡി) | വയനാട് ജില്ലയിൽ പ്രവർത്തിക്കുന്ന 2 സ്പെഷ്യൽ സ്കൂളുകളുടെ അപേക്ഷകൾ സാമൂഹ്യനീതി വകുപ്പ് |

| | | | |
|---|---|---|---|
| | അപേക്ഷകൾ പരിഗണനയിൽ ഉണ്ടോ; എങ്കിൽ എത്ര അപേക്ഷകൾ എന്ന് വ്യക്തമാക്കാമോ? | | ഡയറക്ടറുടെ ഓഫീസിൽ ലഭ്യമായിട്ടുണ്ട്. ആയതിന്റെ രജിസ്ട്രേഷൻ നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - മാനസിക/ഭൗതിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് പ്രത്യേക വിദ്യാഭ്യാസം (Special Education) സംബന്ധിച്ച നിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ആർ) വകുപ്പ്**

**സ.ഉ (കൈ) നം.133/2019/പൊ.വി.വ , തീയതി, തിരുവനന്തപുരം, 30.08.2019**

പരാമർശം:- (1) 27.11.2017, 09.08.2018 തീയതികളിൽ ൽ ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ മിനിട്ട്സ്.

(2) സ.ഉ (സാധാ) നം. 43/2019/സാ.നീ.വ തീയതി 25.01.2019.

(3) 28.09.2018, 26.06.2019 തീയതികളിൽ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ മിനിട്ട്സ്.

**<u>ഉത്തരവ്</u>**

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി സർക്കാർ/സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്കൂളുകളുടെ ഭൗതികവും അക്കാദമികവും ആയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി 27.11.2017 ൽ ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാന പ്രകാരം ഇത്തരം സ്കൂളുകൾക്കായി ഒരു സമഗ്ര പാക്കേജ് സാമൂഹ്യനീതി, ആരോഗ്യം, വിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം തുടങ്ങിയ വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിരുന്നു.

(2) സംസ്ഥാനത്ത് നോൺ ഗവൺമെൻറൽ ഓർഗനൈസേഷനുകൾ (എൻ.ജി.ഒ.) നടത്തുന്ന 253 സ്കൂളുകളും, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നടത്തുന്ന- 72 ബഡ്സ് സ്കൂളുകളും ഉൾപ്പെടെ 325 സ്പെഷ്യൽ സ്കൂളുകൾ നിലവിലുണ്ട്. 18 വയസിൽ താഴെ പ്രായമുള്ള മിനിമം 20 കുട്ടികൾ പഠിക്കുന്നതും, നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചുള്ള സൗകര്യങ്ങളും ഉള്ള സ്കൂളുകൾക്കാണ് രജിസ്ട്രേഷൻ നൽകി വരുന്നത്. രജിസ്ട്രേഷൻ ലഭിച്ച സ്കൂളുകളിൽ 45 സ്കൂളുകൾക്ക് കേന്ദ്രഗവൺമെൻറിൽ നിന്നും ദീൻദയാൽ ഡിസേബിൾഡ് റീഹാബിലിറ്റേഷൻ സ്കീം (ഡി.ഡി.ആർ.എസ്) പ്രകാരം നേരിട്ട് സാമ്പത്തിക സഹായം ലഭിച്ചുവരുന്നുണ്ട്. ശേഷിക്കുന്ന സ്കൂളുകൾക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന സംസ്ഥാന സർക്കാരും സാമ്പത്തിക സഹായം നൽകി വരുന്നു.

(3) പരാമർശം 2 പ്രകാരം രൂപീകരിച്ച സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ച് താഴെ പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

(I) 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിലെ ബജറ്റ് പ്രസംഗത്തിൽ സ്പെഷ്യൽ സ്കൂളുകൾക്ക് 40 കോടി രൂപ വീതം സാമ്പത്തിക സഹായം പ്രഖ്യാപിച്ചിരുന്നുവെങ്കിലും 2018-19, 2019-20 വർഷങ്ങളിൽ യഥാക്രമം 14 കോടി, 14.50 കോടി രൂപ മാത്രമേ ബജറ്റിൽ വകയിരുത്തിയിരുന്നുള്ളൂ. മേൽ സാഹചര്യത്തിൽ 2018-19 ലേയും 2019-20 ലേയും ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ളതിൽ ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമേയുള്ള തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ അടിയന്തിരമായി സ്വീകരിക്കുവാൻ നിർദ്ദേശം നൽകുന്നു.

(II) സ്പെഷ്യൽ സ്കൂളുകൾക്കായി സാമൂഹ്യ നീതി വകുപ്പ് തയ്യാറാക്കിയ സമഗ്ര പാക്കേജ് നിർദ്ദേശ പ്രകാരം സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകളെ കുട്ടികളുടെ എണ്ണം, ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ, അധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാർ, ലഭ്യമാക്കുന്ന സേവനങ്ങൾ എന്നിവ

അനുസരിച്ച് താഴെ പറയുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ A, B, C ഗ്രേഡുകളായി തരം തിരിക്കുന്നു.

## GRADE 'A' INSTITUTION.

### I. Infrastructure Facilities required

a) Adequate class rooms @ 25 sq. ft per child
b) Barrier free building
c) Physiotherapy room 500 sq. ft and 80% of necessary equipments
d) Speech therapy room 200 sq.ft
e) Occupational Therapy room 400 sq.ft
f) Dining Hall @ 15 sq. ft per child (total minimum 375 sq. ft and adequate furniture)
g) Play area @ 50 sq.ft per child (minimum 1000 sq.ft)
h) Separate disabled friendly bathrooms for boys and girls in the ration of 1:15
i) Adequate drinking water facility
j) Office room, staff room, visitors room, library, seminar hall, store room and washing area

### II. Staff pattern

(a) Qualified Headmaster
(b) Qualified Special Teachers in the ratio 1:8
(c) Care givers in the ratio 1:15
(d) Qualified Physiotherapist and Speech Therapist
(e) Visiting qualified Occupational or Development therapist (once in a week)
(f) Visiting qualified Psychologist (once in a week)
(g) Vocational Instructor
(h) Accountant
(i) Part time Dance/Music Teacher
(j) Physical Education Teacher

### III. Services provided

(a) Maintain comprehensive individual care plan record of all students and module of training based on the above record
(b) Transport facility for students
(c) Health checkups of all students once in a month
(d) Organize parental empowerment programme once in three months
(e) Organize community awareness programme twice in an year
(f) Home bound support programme
(g) Minimum 5 years of experience

## GRADE 'B' INSTITUTIONS

### I. Infrastructure Facilities required

(a) Adequate class rooms @ 20 sq. ft per child
(b) Physiotherapy room 300 sq. ft and 60% of necessary equipments
(c) Speech therapy room 200 sq.ft
(d) Dining Hall @ 15 sq. ft per child (total minimum 300 sq. ft and adequate furniture)
(e) Play area @ 40 sq.ft per child (minimum 700 sq.ft)
(f) Separate disabled friendly bathrooms for boys and girls in the ratio of 1:25

(g) Adequate drinking water facility
(h) Office room, staff room, store room and washing area

**II. Staff pattern**

(a) Qualified Headmaster
(b) Qualified Special Teachers in the ratio 1:8
(c) Care givers in the ratio 1:15
(d) Service qualified Physiotherapist once in a week and Speech Therapist twice in a week
(e) Visiting qualified Psychologist (once in a week)

**III. Services provided**

(a) Maintain comprehensive individual care plan record of all students and module of training based on the above record
(b) Transport facility for students
(c) Health checkups of all students once in a month
(d) Organize parental empowerment programme once in three months

## GRADE 'C' INSTITUTIONS

**I. Infrastructure Facilities required**

(a) Adequate class rooms
(b) Physiotherapy room 50% of necessary equipments
(c) Speech therapy room
(d) Dining Hall and adequate furniture
(e) Play area
(f) Separate disabled friendly bathrooms for boys and girls
(g) Adequate drinking water facility
(h) Office room, store room and washing area

**II. Staff pattern**

(a) Qualified Special Teachers in the ratio.. 1:8
(b) Care givers in the ratio 1:15
(c) Service qualified Physiotherapist once in a week and Speech Therapist twice in a week

**III. Services provided**

(a) Maintain comprehensive individual care plan record of all students and module of training based on the above record
(b) Health checkups of all students once in 3 month
(c) Organize parental empowerment programme

മേൽ വിവരിച്ച ഗ്രേഡുകളിൽ ഉൾപ്പെടാത്തതും, നിലവിൽ രജിസ്ട്രേഷൻ ലഭ്യമായിട്ടുള്ളതും പൊതുവിദ്യാഭ്യാസ ഡയറക്ടർ സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നതുമായ സ്പെഷ്യൽ സ്കൂളുകളെ D ഗ്രേഡിൽ ഉൾപ്പെടുത്തി സ്പെഷ്യൽ സ്കൂളുകളുടെ കാറ്റഗറൈസേഷൻ അംഗീകരിച്ച് ഉത്തരവാകുന്നു. എന്നാൽ, മേൽ ഖണ്ഡിക (I) പ്രകാരം സൂചിപ്പിച്ചിട്ടുള്ള ബജറ്റിൽ പ്രഖ്യാപിച്ച അധിക തുക A, B, C ഗ്രേഡഡ് സ്കൂളുകൾക്കായി പരിമിതപ്പെടുത്തിയും ഉത്തരവാകുന്നു.

(III) പാങ്ങാപ്പാറയിലെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റലി ചലഞ്ച്ഡ് എന്ന സ്ഥാപനം സ്പെഷ്യൽ എഡ്യൂക്കേഷൻ മേഖലയിലെ അപ്പക്സ് പരിശീലന കേന്ദ്രമാക്കി മിഷനോ, ഡയറക്ടേറ്റ് ഓഫ് ചിൽഡ്രൻ വിത്ത് സ്പെഷ്യൽ നീഡ്സ് ആയോ മാറ്റുന്നതിന് ആവശ്യമായ രൂപരേഖ തയ്യാറാക്കുന്നതിനായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(IV) പഠന വൈകല്യമുള്ള 8, 9, 10 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളുടെ 2018-19 വർഷത്തെ ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് 2019 ഒക്ടോബർ 31 ന് മുൻപ് സ്കൂളുകളിൽ ഹാജരാക്കേണ്ടതാണെന്ന നിർദ്ദേശം നൽകിയും ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം),

**എ.ഷാജഹാൻ**

സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, സി.എച്ച്.മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ്, പാങ്ങപ്പാറ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാമിഷൻ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ) കേരള, തിരുവനന്തപുരം.
സാമൂഹ്യനീതി വകുപ്പ്/ധനകാര്യ വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
ബഹു. സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ്.
സ്പെഷ്യൽ സെക്രട്ടറി, സാമൂഹ്യ നീതി വകുപ്പ്.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

സാമൂഹ്യനീതിവകുപ്പ്- ഭിന്നശേഷി അവകാശ നിയമം 2016 പ്രകാരം ഭിന്നശേഷിക്കാർക്ക് വേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, സെന്ററുകൾ, പദ്ധതികൾ എന്നിവ രജിസ്റ്റർ ചെയ്യുന്നതിനും രജിസ്ട്രേഷൻ പുതുക്കുന്നതിനുമുള്ള പൊതുമാർഗ്ഗ നിർദ്ദേശം (താൽക്കാലികം)- അംഗീകരിച്ച് ഉത്തരവാകുന്നു.

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.673/2020/സാ.നീ.വ തീയതി,തിരുവനന്തപുരം, 27/11/2020

പരാമർശം:- 1

1.8.2009ലെ സ.ഉ (കൈ )നം 152/ 09/ത.സ്വ.ഭ.വ ഉത്തരവ്

2 21.11.2012ലെ സ.ഉ (കൈ )നം. 511/12/ സാനീവ ഉത്തരവ്

3 25.3.2013ലെ സ.ഉ (കൈ )നം. 28/13/ സാനീവ ഉത്തരവ്

4 6.4.2013ലെ സ.ഉ (കൈ )നം 144/13/ത.സ്വ.ഭ.വ ഉത്തരവ്

5 30.8.2019ലെ സ.ഉ (കൈ )നം.133/19/പൊ.വി.വ ഉത്തരവ്

6 11.6.2020ലെ സ.ഉ (പി )നം 5/2020/ സാനീവ ഉത്തരവ്

7 സാമൂഹ്യനീതി ഡയറക്ടറുടെ 15.5.2020, 11.8.2020 തീയതികളിലെ SJD-1741/2020-D3നമ്പർ കത്തുകൾ

<u>ഉത്തരവ്</u>

2016 ലെ ഭിന്നശേഷി അവകാശ നിയമത്തിന്റെ അദ്ധ്യായം IX (സെക്ഷൻ 49-55) ഭിന്നശേഷി മേഖലയിൽ സേവനം നൽകുന്ന സ്ഥാപനങ്ങൾക്കുള്ള രജിസ്ട്രേഷൻ നടപടി ക്രമങ്ങൾ സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്നതിന് നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ പ്രസ്തുത നിയമത്തിന്റെ സെക്ഷൻ 101(2)(c)മുതൽ(g) വരെ ഇത് സംബന്ധിച്ച് സംസ്ഥാന ചട്ടങ്ങളിൽ ഉൾപ്പെടുത്തേണ്ട വ്യവസ്ഥകളും പ്രതിപാദിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2020ലെ റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ് (കേരള) റൂൾസ് അദ്ധ്യായം 4 ൽ (സെക്ഷൻ 12 മുതൽ 16 വരെ) ഭിന്നശേഷിക്കാരുടെ ക്ഷേമം, വികസനം, തൊഴിൽനൈപുണ്യം, പരിശീലനം, പുനരധിവാസം, ചികിത്സ തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന എല്ലാ വിഭാഗം സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി എല്ലാ വിഭാഗം സ്ഥാപനങ്ങൾക്കും സർക്കാർ മിനിമം സ്റ്റാൻഡേർഡ് ഓഫ് ഗൈഡ് ലൈൻസ് അംഗീകരിച്ച് നൽകേണ്ടതുമാണ്.

2. എല്ലാ സ്ഥാപനങ്ങൾക്കും വേണ്ടി പൊതുവായ ഒരു മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നത് വരെ ഓരോ മേഖലയിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രത്യേകമായി

പരാമർശം 1 മുതൽ 5 വരെയുള്ള ഉത്തരവുകൾ പ്രകാരമുള്ള ,നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കിയും പൊതുവായി ചേർത്തിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളും അടിസ്ഥാനമാക്കി രജിസ്ട്രേഷൻ അനുവദിക്കുന്നതിനും, എന്നാൽ മാർഗ്ഗ നിർദ്ദേശങ്ങൾ ഇതുവരെ പുറപ്പെടുവിക്കാത്ത വിഭാഗങ്ങൾക്ക് പരാമർശം 6 പ്രകാരമുള്ള മാർഗ്ഗനിർദ്ദേങ്ങളും ബാധകമാക്കി രജിസ്ട്രേഷൻ അനുവദിക്കുന്നതിനുമുള്ള ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം 7 പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2020ലെ റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ് (കേരള) റൂൾസ് പ്രകാരം ഭിന്നശേഷിക്കാർക്കായുള്ള സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള പൊതുവായ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നത് വരെ ഓരോ മേഖലയിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രത്യേകമായി പരാമർശം 1 മുതൽ 5 വരെയുള്ള ഉത്തരവുകൾ പ്രകാരമുള്ള നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുബന്ധമായി ചേർത്തിട്ടുള്ള പൊതുവായ മാർഗ്ഗനിർദ്ദേശങ്ങളും അടിസ്ഥാനമാക്കിയും എന്നാൽ മാർഗ്ഗ നിർദ്ദേശങ്ങൾ ഇത് വരെ പുറപ്പെടുവിക്കാത്ത വിഭാഗങ്ങൾക്ക് പരാമർശം 6 പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുബന്ധമായി ചേർത്തിട്ടുള്ള പൊതുവായ മാർഗ്ഗനിർദ്ദേശങ്ങളും ബാധകമാക്കി രജിസ്ട്രേഷൻ അനുവദിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബിജു പ്രഭാകർ**
**സെക്രട്ടറി**

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം

ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണർ, ആഞ്ജനേയ, റ്റി.സി. 9/1023(1) ഗ്രൗണ്ട് ഫ്ലോർ, ശാസ്തമംഗലം, തിരുവനന്തപുരം-695010

എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യസുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്

തദ്ദേശസ്വയംഭരണ വകുപ്പ്

പൊതുവിദ്യാഭ്യാസ വകുപ്പ്

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Validity unknown
Digitally signed by Jasmine Thomas
Date: 2020.11.27 15:58:34 IST
Reason: Approved
സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

**<u>ഭിന്നശേഷി അവകാശ നിയമം 2016 പ്രകാരം ഭിന്നശേഷിക്കാർക്ക് വേണ്ടി പ്രവർത്തിക്കുന്ന</u>**

## സ്ഥാപനങ്ങൾ, സെന്ററുകൾ, പദ്ധതികൾ എന്നിവ രജിസ്റ്റർ ചെയ്യുന്നതിനും രജിസ്ട്രേഷൻ പുതുക്കുന്നതിനുമുള്ള പൊതുമാർഗ്ഗ നിർദ്ദേശം (താല്ക്കാലികം)

### 1.യോഗ്യത

എല്ലാ സ്ഥാപനങ്ങൾക്കും സംഘടനകൾക്കും ചുവടെ പറയുന്ന എതെങ്കിലും ഒരു ആക്ട് പ്രകാരമുള്ള രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.

a.1860ലെ ഇൻഡ്യൻ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് സെക്ഷൻ 21 അല്ലെങ്കിൽ തിരുവിതാംകൂർ കൊച്ചി ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് 1995 സെക്ഷൻ 1 2 അല്ലെങ്കിൽ 1956 ലെ ഇൻഡ്യൻ കമ്പനീസ് അകട് സെക്ഷൻ 2 5 അല്ലെങ്കിൽ കേരളത്തിൽ ബാധകമായ മറ്റേതെങ്കിലും നിയമപ്രകാരമുള്ള രജിസ്ട്രേഷൻ

b.അപേക്ഷന്റെ സ്ഥാപനം അല്ലെങ്കിൽ സംഘടന എന്നിവ സ്ഥാപിച്ചിതിന് ശേഷം കുറഞ്ഞത് 6 മാസത്തെയെങ്കിലും പ്രവർത്തി പരിചയം ഉണ്ടായിരിക്കണം.

c.മേൽ സൂചിപ്പിച്ച യോഗ്യതാ മാനദണ്ഡങ്ങൾ സർക്കാർ വകുപ്പുകളുടേയും സ്വയംഭരണ സ്ഥാപനങ്ങളുടേയും സ്ഥാപനങ്ങൾക്ക് ബാധകമല്ല.

### 2.രജിസ്ട്രേഷൻ അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ

i.ഗതാഗത സൗകര്യമുള്ള പ്രദേശങ്ങളിലായിരിക്കണം സ്ഥാപനങ്ങൾ പ്രവർത്തിക്കേണ്ടത്.

ii.താമസക്കാർക്ക് ആവശ്യമായ സ്ഥല സൗകര്യങ്ങൾ അതത് വിഭാഗത്തിന് വേണ്ടി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചുള്ളവയാകണം. എന്നാൽ മാർഗ്ഗനിർദ്ദേശങ്ങൾ ഇത് വരെ പുറപ്പെടുവിക്കാത്ത വിഭാഗങ്ങൾക്ക് ഓർഫണേജ് കൺട്രോൾ ബോർഡ് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ബാധകമാക്കേണ്ടതാണ്.

iii.എല്ലാ സ്ഥാപനങ്ങളും റാമ്പുകൾ, ഹാൻഡ് റെയിലുകൾ, ആവശ്യമെങ്കിൽ ലിഫ്റ്റുകൾ എന്നിവ ഉപയോഗിച്ച് സ്ഥാപനങ്ങളിലെ തടസ്സരഹിതമായ പ്രവേശനം ഉറപ്പ് വരുത്തണം.

iv.ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ടോയ്‌ലറ്റുകൾ ഉണ്ടായിരിക്കണം.

v.സ്ഥാപനങ്ങൾ വൃത്തിയായി പരിപാലിക്കേണ്ടതും കുടിക്കുന്നതിനും മറ്റ് ആവശ്യങ്ങൾക്കും ആവശ്യമായ വെള്ളം ലഭ്യമായിരിക്കണം.

vi.തെറാപ്പി / പരിശീലന സെന്ററുകളാണെങ്കൽ ആവശ്യമായ ഉപകരണങ്ങൾ, ഫാൻ, ഫർണിച്ചർ, തൊഴിലധിഷ്ഠിത പരിശീലന സൗകര്യങ്ങൾ, ഫിസിയോ തെറാപ്പി ഉപകരണങ്ങളും യോഗ്യതയുള്ള അധ്യാപകരും കേന്ദ്രത്തിൽ ഉണ്ടായിരിക്കണം.

vii.കൃത്യമായ ഇടവേളകളിൽ ഫിസിയോതെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, മെഡിക്കൽ ഓഫീസർ, സോഷ്യൽ വർക്കർ എന്നിവരുടെ സന്ദർശനം, കൗൺസിലിങ് സേവനങ്ങൾ എന്നിവ ഉറപ്പാക്കണം.

viii.ട്രെയിനിങ് സെന്ററുകളാണെങ്കിൽ കുട്ടികളുടെ അഭിരുചിക്കനുസരിച്ച് തൊഴിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കണം.

i x . 3 മാസത്തിലൊരിക്കൽ മാതാപിതാക്കളുടെ മീറ്റിങ് വിളിച്ച് ചേർക്കേണ്ടതും മിനിട്ട്സ് രേഖപ്പെടുത്തേണ്ടതുമാണ്.

X.80 ശതമാനത്തിലധികം വൈകല്യമുള്ള ഗുണഭോക്താക്കളുടെ രക്ഷകർത്താക്കൾക്ക് ആവശ്യമെങ്കിൽ സ്കൂൾ സമയങ്ങളിൽ കുട്ടികളോടൊപ്പം ആയിരിക്കാനുള്ള സൗകര്യം നൽകേണ്ടതാണ്.

xi.സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടങ്ങളിൽ ഫിറ്റ്നസ്, സാനിറ്റേഷൻ എന്നിവ ഉറപ്പാക്കിയിരിക്കണം.

xii.സ്ഥാപനത്തിലെ സ്റ്റാഫിന്റെ യോഗ്യത പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

### 3.രജിസ്ട്രേഷന് വേണ്ടി അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടി ക്രമം.

i.രജിസ്ട്രേഷന് വേണ്ടി ഭിന്നശേഷി അവകാശ (കേരള) ചട്ടങ്ങൾ 2020 ന്റെ rule 13(1) പ്രകാരമുള്ള ഫോർമാറ്റിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

ii.അപേക്ഷാ ഫോമുകൾ കൃത്യവും വ്യക്തവുമായി എല്ലാ കോളങ്ങളും പൂരിപ്പിക്കേണ്ടതും ഫോമിൽ ആവശ്യപ്പെട്ടിട്ടുള്ള പ്രസക്തമായ വിവരങ്ങളും അനുബന്ധ രേഖകളും ( rule 13(1) പ്രകാരമുള്ള രേഖകൾ)

ഉൾകൊള്ളിക്കേണ്ടതാണ്.

iii.അപേക്ഷകൾ ജോയിന്റ് ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ്ഭവൻ, തിരുവനന്തപുരം – 695 033 എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതും അപേക്ഷയുടെ ഒരു പകർപ്പ് ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് നൽകേണ്ടതുമാണ്.

iv.അപേക്ഷയിന്മേൽ ജില്ലാ സാമൂഹ്യനീതി ഓഫീസർ ചട്ടം 14 പ്രകാരം അന്വേഷണം നടത്തി നിശ്ചിത ഫോർമാറ്റിൽ റിപ്പോർട്ട് ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്.

v. Rights of Person with Disabilities Act 2016 അടിസ്ഥാനമാക്കി സാമൂഹ്യനീതി വകുപ്പ് നൽകുന്ന രജിസ്ട്രേഷൻ 3 വർഷത്തേക്കാണ്, രജിസ്ട്രേഷൻ കാലാവധി അവസാനിക്കുന്നതിന് മുൻപ് രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്.

vi.രജിസ്ട്രേഷന് വേണ്ടിയോ രജിസ്ട്രേഷൻ പുതുക്കുന്നതിന് വേണ്ടിയോ സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം സ്ഥാപനത്തിന്റെ സംക്ഷിപ്ത വാർഷിക പ്രവർത്തന റിപ്പോർട്ടും സമർപ്പിക്കേണ്ടതാണ്.

vii.രജിസ്ട്രേഷൻ അതോറിറ്റിയോ നിയുക്ത ഉദ്യോഗസ്ഥനോ നിർബന്ധമായും എല്ലാ വർഷവും സ്ഥാപനം പരിശോധിച്ച് പ്രവർത്തന മികവ് സംബന്ധിച്ച സാക്ഷ്യപ്പെടുത്തൽ വരുത്തേണ്ടതാണ്.

viii. രജിസ്ട്രേഷന് വേണ്ടിയുള്ള അപേക്ഷകൾ, സ്ഥാപനം / സെന്ററുകൾ സ്ഥാപിച്ച തിയതി മുതൽ ആറുമാസത്തിനകം സമർപ്പിക്കേണ്ട്താണ്.

**<u>4.അപേക്ഷ പ്രോസസ് ചെയ്യുന്നതിനും രജിസ്ട്രേഷൻ അനുവദിക്കുന്നതിനുമുള്ള നടപടി ക്രമം.</u>**

i. രജിസ്ട്രേഷനോ രജിസ്ട്രേഷൻ പുതുക്കുന്നതിനോ ഉള്ള അപേക്ഷ ലഭിച്ച ശേഷം ജില്ലാ സാമൂഹ്യനീതി ഓഫീസർ പ്രസ്തുത അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി അപേക്ഷയിലെ കോളങ്ങളെല്ലാം പൂരിപ്പിച്ചിട്ടുണ്ടെന്നും ഉള്ളടക്കം ചെയ്തിട്ടുള്ള എല്ലാ രേഖകളും കൃത്യമാണെന്നും ഉറപ്പാക്കുക. ജില്ലാ സാമൂഹ്യനീതി ഓഫീസിൽ അപേക്ഷ സ്വീകിരച്ച തിയതി മുതൽ 30 ദിവസത്തിനുള്ളിൽ അപേക്ഷകന്റെ സംഘടന/സ്ഥാപനം/സെന്ററുകൾ എന്നിവയുടെ പരിശോധനയും സ്ഥലപരിശോധനയും ജില്ലാ ഓഫീസർ പൂർത്തിയാക്കും. രജിസ്ട്രേഷൻ അനുവദിക്കുന്നതിനായി പിരശോധനാ തിയതി മുതൽ ഓരാഴ്ചക്കുള്ളിൽ ജില്ലാ ഓഫീസർ റിപ്പോർട്ടും നിർദ്ദിഷ്ട ശിപാർശകളും സഹിതം സാമൂഹ്യനീതി ജോയിന്റ് ഡയറക്ടർക്ക് സമർപ്പിക്കുന്നു.

ii.രജിസ്ട്രേഷൻ അതോറിറ്റി അപേക്ഷയും ഉള്ളടക്കം ചെയ്തിട്ടുള്ള രേഖകളും പരിശോധിക്കും. അവ പൂർണ്ണമാണെന്ന് ബോധ്യപ്പെട്ടാൽ തൃപ്തികരമായ രജിസ്ട്രേഷൻ അനുവദിക്കുകയും ഡയറക്ടറേറ്റിൽ അപേക്ഷ സ്വീകരിച്ച തിയതി മുതൽ പരമാവധി 3 0 ദിവസത്തിനുള്ളിൽ രജിസ്ട്രേഷൻ അതോറിറ്റി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യും.

iii.ഒരു അപേക്ഷ സ്വീകരിക്കാനോ നിരസിക്കാനോ/ രജിസ്ട്രേഷൻ അനുവദിക്കുന്നത് നിരസിക്കാനോ ഉള്ള അവകാശം രജിസ്ട്രേഷൻ അതോറിറ്റിയിൽ നിക്ഷിപ്തമാണ്. അപേക്ഷകൾ നിരസിക്കുന്ന വിവരം നിയുക്ത അധികാരി അപേക്ഷകനേ രേഖാമൂലം അറിയിക്കേണ്ടതും നിയുക്ത അധികാരിയുടെ തീരുമാനത്തിനെതിരെ അപേക്ഷകന് ചട്ട പ്രകാരമുള്ള സമയ പരിധിക്കുള്ളിൽ അപ്പീൽ നൽകാവുന്നതുമാണ്.

iv. രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള അപേക്ഷകൾ നിലവിലുള്ള രജിസ്ട്രേഷൻ അവസാനിക്കുന്ന തിയിതിക്ക് 60 ദിവസം മുൻപായി ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

സെക്ഷൻ ഓഫീസർ